# വയനാടൻ പുലയരുടെ യാറൊറ
## —പ്രതിരോധത്തിന്റെ അനുഷ്ഠാനമാതൃക

ഡോ. സിനമോൾ തോമസ്
അസിസ്റ്റന്റ് പ്രൊഫസർ, മലയാളവിഭാഗം, ഗവ. ബ്രണ്ണൻ കോളേജ്, തലശ്ശേരി

## 1. വംശീയത

ദേശീയത, വംശീയത എന്നിവ സമകാലിക സാംസ്കാരിക പരിസരങ്ങളിൽ ഏറെ ചർച്ചചെയ്യപ്പെടുന്ന ദ്വന്ദങ്ങളാണ്. ഓരോ വ്യക്തിയുടേയും സാമൂഹികവ്യക്തിത്വത്തെ രൂപപ്പെടുത്തുന്നതിൽ ഈരണ്ടു പരികല്പനകളും സുപ്രധാനമായ പങ്കുവഹിക്കുന്നുണ്ടെന്നും നിസ്തർക്കമാണ്. ഇതിൽ ദേശീയതയുടെ സ്വാധീനശേഷിയേക്കാൾ ബലവത്തായ വൈകാരിക സ്വാധീനശക്തിയാണ് വംശീയ സ്വത്വബോധം ഒരാളിൽ ചെലുത്തുന്നത്. മതം, ജാതി, ഭാഷ, സംസ്കാരം, ശരീരികഘടന, നിറം തുടങ്ങിയ ഘടകങ്ങളെ ആശ്രയിച്ചാണ് ഭിന്ന വംശീയ പരികല്പനകൾ പ്രസക്തമാകുന്നത്.

എത്തോസ് എന്നവാക്കിൽ നിന്നാണ് വംശീയത എന്നർത്ഥം വരുന്ന എത്തിസിറ്റി (Ethnicity)എന്ന പദമുണ്ടാകുന്നത്. എത്തോസ് എന്ന പദം ദേശം എന്ന അർത്ഥത്തിലാണ് വ്യവഹരിക്കുന്നത്. ദേശവും, വംശവും ഒരുനാണയത്തിന്റെ രണ്ടുവശങ്ങൾപോലെ ഒരാളുടെ സ്വത്വനിർമ്മിതിയിൽ പ്രധാനപങ്കുവഹിക്കുന്നുണ്ട്. നിശ്ചിതമായ പൊതുചരിത്രം, മതം, ഭാഷ, ആഹാരക്രമം, ആചാരാനുഷ്ഠാനങ്ങൾ എന്നീ പൊതുലക്ഷണങ്ങൾ നിലനിർത്തുന്ന ഒരുകൂട്ടായ്മയുടെ സംഘാവബോധത്തിന്റെ ആകത്തുകയാണ് വംശീയത എന്നതുകൊണ്ട് വിവക്ഷിക്കുന്നത്. ഒരുസമൂഹത്തെ ഇതരസമൂഹങ്ങളിൽ നിന്ന് വേർതിരിക്കുന്ന സാംസ്കാരിക സവിശേഷതകളാണ് അവരുടെ വംശീയത നിർണ്ണയിക്കുന്നത് (എം.ഐ. പുന്നൂസ്. 2013 5-6 )എന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്.

മനുഷ്യന്റെ സാംസ്കാരിക സാമൂഹിക പരിണാമത്തിലെ കിരാതഘട്ടമായാണ് (primitive) ഗവേഷകർ ഗോത്രവർഗ്ഗകാലത്തെ പരിഗണിച്ചുപോരുന്നത് (മിനി പി.വി. 2011. 27). സ്വന്തമായിട്ടൊരു ഭാഷയോ ഭാഷാഭേദമോ ഉള്ളവരും വ്യക്തമായ ഗോത്രവർഗസ്വഭാവം പുലർത്തുന്നവരും തനിമയുള്ള ഒരു പാരമ്പര്യക്രമം വലിയ ഏറ്റക്കുറച്ചിലുകൾ ഇല്ലാതെ പിന്തുടരുന്നവരും സ്വന്തമായ ഒരുപ്രദേശം ഉള്ളവരുമാണ് ഗോത്രവർഗ്ഗക്കാർ.

ഓരോ ഗോത്രവർഗ്ഗത്തിനും അവരുടേതായ അനുഷ്ഠാനങ്ങളും കലാപ്രകടനങ്ങളുമുണ്ട്. അദൃശ്യശക്തികളാൽ നിയന്ത്രിതമാണ് തങ്ങളുടെ ജീവിതമെന്ന് പ്രാചീനകാലം മുതൽ വിശ്വസിച്ചുവന്ന പ്രാചീനമനുഷ്യന്റെ പിന്മുറക്കാരായ നമ്മുടെ ഗോത്രവർഗ്ഗക്കാർ പ്രപഞ്ചശക്തികളിലും പരേതാത്മാക്കളിലും പൂർവ്വികരിലും വിശ്വസിക്കുന്നവരാണ്. ഈ വിശ്വാസത്തിന്റെ പിൻബലത്തിലാണ് നിരവധി അനുഷ്ഠാനങ്ങളും കലകളും അതതു സമൂഹങ്ങളിൽ വളർന്നുവന്നത്.ഓരോ അനുഷ്ഠാനവും അതാത് വംശത്തിന്റെ സ്വത്വം അടയാളപ്പെടുത്തിയിട്ടുമുണ്ട്.

## 2. അധിനിവേശം

മലമ്പ്രദേശങ്ങളിൽ അധിവസിക്കുന്ന സംസ്കാരസമ്പന്നരായ ജനതയാണ് ആദിവാസികൾ. ഇവരാണ് യഥാർത്ഥത്തിൽ ഈ മണ്ണിന്റെ അവകാശികൾ. അവർ തങ്ങളുടെ പ്രകൃതിക്ക് യാതൊരുവിധ കേടുപാടുകളും വരുത്താതെ കഴിഞ്ഞുകൂട്ടുന്ന ജനതയാണ്. ഓരോ വിഭാഗങ്ങളും തങ്ങളുടെ ഗോത്രപാരമ്പര്യത്തിനു കീഴിൽ ജിവിച്ചുപോരുന്നു. ഇന്നും ഇവരുടെ ഗോത്രത്തനിമകളും സംസ്കാരങ്ങളും സംസ്കാര സമ്പന്നരെന്നഭിമാനിക്കുന്ന ആധുനികർക്കറിയാൻ കഴിഞ്ഞിട്ടില്ല.

പുറംലോകത്തിനു മുന്നിൽ പുറംതിരിഞ്ഞുനില്ക്കുന്ന ഈ ഗിരിവർഗ്ഗ ജനതകളെക്കുറിച്ച് പഠിക്കുന്നതുവഴി അവരുടെ സംസ്കാരം, സാമൂഹ്യജിവിതം, സാഹിത്യം, കല, നാട്ടറിവുകൾ, ഭാഷ തുടങ്ങിയവയെക്കുറിച്ചൊക്കെ പുറം ലോകത്തിന്നറിയാൻ കഴിയും. മാത്രവുമല്ല സ്വാതന്ത്ര്യാനന്തരം, കേരളത്തിന്റെ മലമ്പ്രദേശങ്ങളിലേക്ക് വൻതോതിൽ കുടിയേറ്റക്കാർ കടന്നുകയറുകയുണ്ടായി. കാട്ടുവെട്ടിത്തെളിച്ച് കൃഷികളിറക്കിയതോടെ ആദിവാസികൾ കുടിയിറക്കു ഭീഷണിയിലായി. തങ്ങളുടെ ആവാസവ്യവസ്ഥയിലല്ലാതെ ജീവിക്കാൻ കഴിയാത്ത ഗിരിവർഗ്ഗക്കാർക്ക് അതോടെ പ്രാമാണ്യത്വം നഷ്ടപ്പെട്ടു. മലമ്പ്രദേശങ്ങളിലെ ഭൂരിപക്ഷ ജനത ന്യൂനപക്ഷമായിത്തീർന്നതോടെ സംസ്കാരസമ്പന്നരായ ഗോത്രജനത കുടിയേറ്റക്കാരുടെ അടിമകളായിത്തീർന്നു. കാടുകളുടെ ഉടമകളായിരുന്ന വലിയവിഭാഗം അന്നുമുതൽ പട്ടിണിയിലേക്കും ദാരിദ്ര്യത്തിലേക്കും നിസ്സഹായരായി വലിച്ചെറിയപ്പെട്ടു.

നാല്പതുകളിൽ തിരുവിതാംകൂറിൽ നിന്നുണ്ടായ ക്രിസ്ത്യൻ കുടിയേറ്റത്തോടെ പൊടുന്നനെ സംഭവിച്ച ഒരു പരിണതിയല്ല ഇത്. പതിമൂന്നാം നൂറ്റാണ്ടോടെ കർണാടകത്തിൽ നിന്നുവന്ന ജൈനമതാനുയായികളായ കർഷക ജനതയും തൊട്ടുപിറകെ വന്ന കോട്ടയം രാജാക്കന്മാരുടെ കീഴിലുള്ള ജന്മി-നാടുവാഴി കുടുംബങ്ങളും അവരുടെ ആശ്രിതരും ഈസ്റ്റിന്ത്യാ കമ്പനിയുമായി കാർഷികോല്പന്ന വ്യാപാരത്തിലേർപ്പെട്ടിരുന്ന മുസ്ലീം വണിക്കുകളുമെല്ലാം തുടങ്ങിവെച്ച കുടിയേറ്റങ്ങളുടെ തുടർച്ചയാണ് നാല്പതുകളിലുണ്ടായത്. പല കാലഘട്ടങ്ങളിൽ പല ദൗത്യങ്ങളും പ്രേരണകളുമായി വയനാട്ടിലേക്കുണ്ടായ പലതരക്കാരുടെ സംഘടിതമായ കുടിയേറ്റങ്ങളാണ് തദ്ദേശീയരായ ഗോത്രസമുദായങ്ങളെ വശങ്ങളിലേക്ക് തള്ളിമാറ്റിയത്. ചരിത്രത്തിന്റെ പല അനിവാര്യതകളിലൊന്നായാണ് ഇത്തരം കുടിയേറ്റങ്ങളെ വയനാടിന്റെ പ്രാദേശിക ചരിത്രം രചിച്ച ഒ.കെ. ജോണി വിലയിരുത്തുന്നത്. 'ആദിവാസികൾ ഭൂരഹിതരും നിർദ്ധനരുമായതിന്റെ പശ്ചാത്തലമറിയാനും ഈ ഭൂതകാല ചരിത്രത്തിന്റെ വായന സഹായിക്കും' എന്ന പക്ഷക്കാരൻ കൂടിയാണദ്ദേഹം (ഒ.കെ. ജോണി 2007: 20).

ഇങ്ങനെ തകർച്ചയിലേയ്ക്ക് നീങ്ങിക്കൊണ്ടിരുന്ന ഗിരിവർഗ്ഗജനത ഇന്ന് തകർച്ചയുടെ പാരമ്യത്തിലെത്തി നില്ക്കുകയാണ്. ആദിവാസികൾ ഇന്നും തങ്ങളുടെ ഗോത്രപാരമ്പര്യം കാത്തുസൂക്ഷിക്കുന്നു. ഇതുവഴി തങ്ങളുടെ സാംസ്കാരിക പൈതൃകത്തെയും അവർ

പോറലേല്പിക്കാതെതന്നെ സൂക്ഷിക്കുന്നു. ഈ പാരമ്പര്യവും തനിമയും കണ്ടെത്താൻ ആദിവാസി പഠനങ്ങൾ ധാരാളമായി ഉണ്ടാവണം. കേരളത്തിലെ വിവിധവർഗ്ഗക്കാരായ ആദിവാസികളിൽ ചില വർഗ്ഗക്കാരെക്കുറിച്ചുമാത്രമാണ് പഠനങ്ങൾ ഉണ്ടായിട്ടുള്ളത്. ഉദാ: പണിയർ, അടിയർ, കരിമ്പാലന്മാർ, കുറിച്യർ, കാണിക്കാർ, മലമ്പണ്ടാരങ്ങൾ തുടങ്ങിയവ. എന്നാൽ പേരുകൊണ്ടുമാത്രം സർക്കാറിന്റെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളവരും പുറംലോകത്തിന്റെ ശ്രദ്ധ ആകർഷിക്കാൻ കഴിയാത്തവരുമായ നിസ്സഹായരായ ഒരു വലിയവിഭാഗം വനത്തിൽ ഇന്നും കഴിയുന്നുണ്ട്.

പുലയർ എന്നു വിളിക്കുന്ന സമുദായം കേരളത്തിന്റെ ഏതാണ്ടെല്ലാഭാഗത്തും അധിവസിക്കുന്നുണ്ട്. സമതലങ്ങളിൽ അധിവസിക്കുന്ന ഈ പുലയരിൽനിന്നും തികച്ചും വ്യത്യസ്തരാണ് ഗിരിവർഗ്ഗക്കാരായ വയനാടൻ പുലയർ. സമീപകാലത്തായി ഇവരുടെ സംസ്കാരത്തിലും കലർപ്പുകൾ ഉണ്ടായിട്ടുണ്ട്. വയനാടൻ പുലയരുടെ അനുഷ്ഠാനങ്ങളിൽ ഒന്നായ യാറൊറയെ മുൻനിർത്തിക്കൊണ്ട് വംശീയത അനുഷ്ഠാനങ്ങളിൽ എങ്ങനെ പ്രകടമാകുന്നുണ്ടെന്നും മറ്റ് സംസ്കൃതികളുടെ സ്വാധീനം ഏതെല്ലാം വിധത്തിൽ ഈ അനുഷ്ഠാനങ്ങളെ കീഴടക്കുന്നുണ്ടെന്നും അവയെ പ്രതിരോധിക്കുന്ന ഘടകങ്ങൾ എന്തെന്നുമുള്ള അന്വേഷണമാണ് ഈ പ്രബന്ധം.

## 3. വയനാടൻ പുലയർ

ഓരോ ആദിവാസി വിഭാഗത്തിനും ഉള്ളതുപോലെ ഗോത്രപരമായ ആചാര സവിശേഷതകളും മറ്റനവധി സാംസ്കാരിക പ്രത്യേകതകളും കൈമുതലായി സൂക്ഷിക്കുന്ന ഒരു ഗോത്രജനതയാണ് വയനാടൻ പുലയർ. ഗോത്രസ്വഭാവം പുലർത്തുകയും സാംസ്കാരിക സവിശേഷതകൾ കാത്തുസൂക്ഷിക്കുകയും ചെയ്യുന്ന പലവിഭാഗങ്ങളെയും സർക്കാർ പട്ടികവർഗ്ഗപട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല. പലരും പട്ടികജാതിക്കാരായാണ് സർക്കാർ പട്ടികയിൽ കടന്നുകൂടിയിട്ടുള്ളത്. ആദിവാസി ഗവേഷകരായ പി. സോമശേഖരൻ നായരുടെയും (1976.പുറം15) എ.എ.ഡി. ലൂയിസിന്റെയും പട്ടികവർഗ്ഗപട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളവരാണ് വയനാടൻ പുലയർ. 2003-ൽ പുറത്തിറക്കിയ കേരളസംസ്ഥാനത്തിലെ പട്ടികജാതികളുടെയും പട്ടികവർഗ്ഗങ്ങളുടെയും ലിസ്റ്റിൽ പട്ടികജാതിക്കാരിൽ 31-ാം വിഭാഗമായി പുലയൻ എന്നതിനോടൊന്നിച്ച് വയനാടൻ പുലയൻ, വയനാട് പുലയൻ, മാത, മാതപ്പുലയൻ എന്നിങ്ങനെ ചേർത്തിരിക്കുന്നു.

വയനാട്ടിൽ മാത്രം കാണപ്പെടുന്ന ഗിരിവർഗ്ഗജനതയാണ് വയനാടൻ പുലയർ. കറുത്ത നിറവും ചുരുണ്ട തലമുടിയും പരന്ന മൂക്കും ഈ ജനവിഭാഗത്തിന്റെ സാമാന്യമായ പ്രത്യേകതകളാണ്. പ്രത്യേകമായ ആചാരവിശേഷങ്ങളും ആരാധനാരീതികളും സാംസ്കാരിക പ്രത്യേകതകളും കാത്തുസൂക്ഷിക്കുന്ന ഒരു ഗോത്രവിഭാഗമാണ് വയനാടൻ പുലയർ. വിവാഹരീതിയിലും, മരണാനന്തര ചടങ്ങുകളിലും സവിശേഷതകൾ പുലർത്തുന്ന ഈ ജനവിഭാഗത്തെ പേരിൽ പുലയർ എന്നുള്ളതിനാൽ സമതലത്തിലെ പുലയരുമായി ബന്ധം ആരോപിച്ച് ഒരൊറ്റ വിഭാഗമായി തെറ്റിദ്ധരിച്ചിരിക്കുന്നു.

### 3.1. അധിവാസദേശങ്ങൾ

വയനാടൻ പുലയരുടെ അധിവാസ ദേശങ്ങളെക്കുറിച്ച് ആദിവാസികളുടെ കേരളം എന്ന ഗ്രന്ഥത്തിൽ ഇങ്ങനെ പരാമർശിച്ചിരിക്കുന്നു.വയനാടൻ പുലയരെന്നും മാതപ്പുലയരെന്നുമുള്ള പേരുകളിൽ അറിഞ്ഞുവരുന്ന ഒരു കൂട്ടം ഗിരിവർഗ്ഗക്കാരെ തെക്കേ വയനാട്ടിലെ കരിമ്പാല, കോട്ടത്തറ, ആമ്പിലേരി, തരിയോട്, പേരാമ്പറ്റ, പടിഞ്ഞാറേത്തറ,

കുപ്പാടിത്തറ എന്നീ സ്ഥലങ്ങളിൽക്കാണാം (നെട്ടൂർ പി. ദാമോദരൻ 1974: 95). കോഴി ക്കോട്ടു ജില്ലയിലെ തെക്കേ വയനാട്ടിലെ കൽപ്പറ്റ, തരിയോട്, വൈത്തിരി തുടങ്ങിയ പ്രദേശങ്ങളിൽ മാത്ര അധിവസിക്കുന്നു എന്നാണ് പണിയർ എന്ന ഗ്രന്ഥത്തിൽ രേഖ പ്പെടുത്തിയിരിക്കുന്നത്. (പി. സോമശേഖരൻ നായർ 1976: 20)

വയനാട് ജില്ലയിൽ 25 പഞ്ചായത്തുകൾ ഉണ്ടെങ്കിലും ഇവിടുത്തെ 5 പഞ്ചായത്തുക ളിലും കല്പറ്റ നഗരസഭയിലും മാത്രമാണ് വയനാടൻ പുലയർ അധിവസിക്കുന്നത്. ഗോത്ര സമൂഹമായ ഈ ഗിരിവർഗ്ഗജനത കൂട്ടമായി ജീവിക്കുന്നവരാണ്. അടുത്തടുത്ത കുടികൾ വെച്ചു താമസിക്കുന്ന ഇവർ വയനാട്ടിലെ അഞ്ചു പഞ്ചായത്തുകളിലെ ചില പ്രദേശങ്ങൾ കേന്ദ്രീകരിച്ചാണ് അധിവസിക്കുന്നത്. വയനാട് ജില്ലയിലെ പടിഞ്ഞാറത്തറ, പൊഴുതന, വെള്ളമുണ്ട, എടവക, കോട്ടത്തറ എന്നീ അഞ്ചു പഞ്ചായത്തുകളിലും കല്പറ്റ നഗരസഭയിലെ ചില പ്രദേശങ്ങളിലുമാണ് ഈ ഗിരിവർഗ്ഗജനത അധിവസിക്കുന്നത്

## 4 ഗോത്രപരമായ അനുഷ്ഠാനങ്ങൾ

വയനാടൻ പുലയർ ഒരു ഗോത്രജനതയായതിനാൽ തന്നെ ഗോത്രപരമായ ഐക്യം കെട്ടിയുറപ്പിക്കുന്ന വിധത്തിലാണ് ആചാരാനുഷ്ഠാനങ്ങൾ രൂപപ്പെടുത്തിയിട്ടുള്ളത്. ഇന്നും ഈ രീതി പിന്തുടരാനുള്ള ശ്രമങ്ങളാണ് ഈ ആദിവാസി സമൂഹം നടത്തുന്നതും. വയനാടൻ പുലയരുടെ ആരാധനാ കേന്ദ്രങ്ങളാണ് മണ്ടങ്ങളും കാവുകളും. മണ്ടങ്ങളിൽ ഈശ്വരന്മാർ വസിക്കുമ്പോൾ കാവുകൾ അമ്മ (ദേവി) സങ്കല്പത്തിലുള്ളതാണ്. എല്ലാ വയനാടൻ പുലയ കോളനികളോടനുബന്ധിച്ചും പ്രത്യേകം മണ്ടങ്ങളുണ്ട്. എല്ലാ മണ്ടങ്ങളിലും നടത്തുന്ന അനുഷ്ഠാന കർമ്മങ്ങളും, ചില പ്രത്യേക മണ്ടത്തിൽ മാത്രം വളരെയധികം ആഘോഷപൂർ വ്വം നടത്തുന്ന കർമ്മങ്ങളും ഉണ്ട്. എല്ലാ മണ്ടങ്ങളിലും നടത്തുന്ന അനുഷ്ഠാന കർമ്മത്തിൽ അതതു മണ്ടത്തിന്റെ പരിധിയിലുൾപ്പെടുന്നവരും അതുപോലെ മണ്ടത്തിൽ അവകാശമുള്ള കുലത്തിൽപ്പെട്ടവരും പങ്കെടുക്കുക സാധാരണമാണ്. എന്നാൽ ചില അനുഷ്ഠാന കർമ്മ ങ്ങൾ എല്ലാ മണ്ടത്തിലും നടത്താറുണ്ടെങ്കിലും ചില മണ്ടത്തിൽ സവിശേഷ പ്രാധാന്യം നല്കി അനുഷ്ഠിക്കുമ്പോൾ കഴിയുന്നിടത്തോളം വയനാടൻ പുലയർ അതിൽ പങ്കെടുക്കുന്ന പതിവ് ഇന്നുമുണ്ട്. തുലാപ്പത്ത്, പുത്തരിക്കോള്, യാറൊറ, കളരിതുറപ്പ്, തിറകൾ തുടങ്ങി ധാരാളം അനുഷ്ഠാനങ്ങൾ വയനാടൻ പുലയർക്കുണ്ട്.

### 4.1 യാറൊറ

വയനാടൻ പുലയരുടെ അനുഷ്ഠാനങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് യാറൊറ. എല്ലാവർ ഷവും മേടം 30ന് ചേമ്പിലോട് പുലയക്കോളനിയിൽ മാത്രം കൊണ്ടാടുന്ന ആചാരാനുഷ്ഠാ നമാണ് ഇടവസംക്രമപൂജയായ യാറൊറ. ചക്രാന്തി, കളരിയടപ്പ്, കളരിയടിക്കൽ എന്നീ പേരുകളിലും ഈ അനുഷ്ഠാനം അറിയപ്പെടുന്നു. പ്യാന പ്രാട്ടുന്ന ചടങ്ങാണ് യാറൊറ. പ്രാട്ടുക എന്ന വാക്കിന് പ്രസാദിക്കുക എന്നാണ് അർത്ഥം. അതായത് പ്യാനയെ പ്ര സാദിപ്പിക്കുക എന്നതാണ് ഈ ചടങ്ങിന്റെയും ലക്ഷ്യം. ഇവരുടെ ദൈവത്തെ സൂചിപ്പി ക്കാൻ ഉപയോഗിക്കുന്ന പദമാണ് പ്യാന. ഈ അനുഷ്ഠാനത്തോടനുബന്ധിച്ച് നിരവധി ചടങ്ങുകളുണ്ട്.

വയനാടൻ പുലയരുടെ എല്ലാ അനുഷ്ഠാനങ്ങളും സാധാരണയായി എല്ലാ മണ്ടങ്ങളിലും ചെറിയ വ്യത്യാസങ്ങളോടെ ആഘോഷിക്കാറുണ്ട്. എന്നാൽ യാറൊറ മാത്രം ഇതിൽ നിന്നും ഭിന്നമായി ചേമ്പിലോട് കോളനി (എടവക പഞ്ചായത്ത്) യിലെ മണ്ടത്തിൽ

മാത്രം നടത്തുന്നതിനു പിന്നിൽ ഒരു കാരണമുണ്ട്. കുന്നത്തടുത്ത് കുല (നൂറ്റിനാല്പത് കുലങ്ങളിൽ നിലവിലുള്ള ഇരുപതെണ്ണത്തിൽ ഒന്ന്) ത്തിലെ മൂപ്പും ഇളമയും സ്ഥാനത്തുള്ള ചെമ്മക്കാരനും പിൻഗാമിയുമാണ് യാറൊറയുടെ മുഖ്യകർമ്മികൾ. കുന്നത്തടുത്ത് കുലത്തിന് ആചാരസ്ഥാനമുള്ള മണ്ടമാണ് ചേമ്പിലോട് കോളനിയിലുള്ളത്. അതുകൊണ്ടാണ് ഈ മണ്ടത്തിൽവെച്ച് മാത്രം യാറൊറ നടത്തുന്നത്.

### 4.1.1 ചടങ്ങുകൾ

യാറൊറയുടെ ചടങ്ങുകൾ ആരംഭിക്കുന്നത് മണ്ടമുറ്റത്ത് തുമ്മം (മുറക്കാൻ) വയ്ക്കുന്നതോടെയാണ്. അടയ്ക്കയും വെറ്റിലയുമാണ് വയ്ക്കുന്നത്. ഏഴ് വരിയിലും ഏഴ് നിരയിലുമായി നാല്പത്തി ഒൻപത് വെറ്റിലയും അതിനുമീതെ നുറുക്കിയ അടയ്ക്കയും നിരത്തി വയ്ക്കുന്നു. ഇതിന് തുമ്മം (വെറ്റില) വെച്ച് തിരിക്കൽ എന്നാണ് പേര്.

വയനാടൻ പുലയരുടെ മിക്ക ആചാരാനുഷ്ഠാനങ്ങൾക്കും മുന്നോടിയായി ഏഴുനിരയിലും വരിയിലുമായി തുമ്മം വയ്ക്കുന്ന പതിവുകാണാം. എന്തുകൊണ്ട് ഏഴുനിരയിലും വരിയിലുമായി തുമ്മം വയ്ക്കുന്നു എന്ന ചോദ്യത്തിന് കൃത്യമായ ഉത്തരം ഇവർക്കറിയില്ല. ഏഴ് എന്ന സംഖ്യയ്ക്ക് ഏതെങ്കിലും വിധത്തിലുള്ള പ്രാധാന്യമുള്ളതായി സൂചനകളൊന്നും തന്നെയില്ല. 'ഏഴില്ലം കണക്കന്മാർ' എന്നൊരു പ്രയോഗമുണ്ടെങ്കിലും കണക്കന്മാർക്ക് തുമ്മത്തിൽ അവകാശങ്ങളൊന്നും തന്നെയില്ല. ഏഴ് കുലത്തിൽ ഏതിലെങ്കിലുമാണ് പ്യാന ഉൾപ്പെടുക. ആ കുലങ്ങളെ തമ്പ്രാൻ കുലങ്ങൾ എന്നു പറയുന്നു. ഒരു പക്ഷേ തമ്പ്രാൻ കുലങ്ങളെയാവാം ഏഴ് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. പക്ഷേ കൃത്യമായ വിവരങ്ങൾ ഇവരിൽനിന്നും ലഭ്യമല്ല.

വയനാടൻ പുലയസമുദായ ശ്രേണിയിലെ ഉന്നതരായ മെരുത്തൻ, കുന്നത്തടുത്ത് കുലത്തിലെ നടപ്പൻ, കുടിയൻ, നാടൻ, ചെമ്മക്കാരൻ എന്നിവരാണ് തുമ്മം വെയ്ക്കുന്നത്. ഇവർ ഒൻപതു മുതൽ പതിനൊന്ന് ദിവസം വരെ വ്രതം അനുഷ്ഠിച്ചിട്ടുണ്ടാവണം. കുളിയെടുക്കൽ എന്നാണ് ഈ വ്രതാനുഷ്ഠാനം അറിയപ്പെടുന്നത്. ഇവരോടൊപ്പം സമുദായത്തിലെ എല്ലാവരും വ്രതം എടുത്ത് ബ്രഹ്മചര്യം പാലിക്കണമെന്ന നിഷ്കർഷയുമുണ്ട്.

വെറ്റിലവെച്ച് തിരിച്ചതിനോടൊപ്പം വാളും പരിചയും വയ്ക്കുന്നു. സമുദായ ശ്രേണിയിലെ ഉന്നതരായ അഞ്ചുപേർക്കൊപ്പം കുന്നത്തടുത്ത് കുലത്തിലെ മൂപ്പും ഇളമയും സ്ഥാനം വഹിക്കുന്നവർ കൈകൂപ്പി പ്രാർത്ഥിക്കുന്നു. മൊത്തംഏഴുപേരാണ് ഈ ചടങ്ങിൽ പങ്കെടുക്കുന്നത്. എല്ലാവരുടെ വേഷവും ഒരുപോലെയാണ്. വെള്ളമുണ്ട് മുട്ടൊപ്പം ഇറക്കത്തിലുടുത്ത് അതിനുമീതെ ചുവന്ന പട്ടുചുറ്റുന്നു

വെറ്റില തിരിച്ചതിനോടൊപ്പം വയ്ക്കുന്ന വാളും പരിചയും വെളിച്ചപ്പാടി(കോമരം) ന്റേതാണ്. നടപ്പനാണ് കോമരം. അരയിൽ കച്ച (ചോപ്പ്), സ്ഥാനവള, കഴുത്തിൽ താലി എന്നിവയും കോമരത്തിന്റെ വേഷവിധാനത്തിൽ ഉൾപ്പെടുന്നു . കോമരം ഉറഞ്ഞുതുള്ളി ദർശനം കിട്ടിയാൽ മാത്രമേ വാളെടുക്കൂ. ദർശനം കിട്ടിയ കോമരം വാളും പരിചയുമെടുത്ത് ഉറഞ്ഞുതുള്ളി മണ്ടത്തിനു ചുറ്റും വലംവെയ്ക്കുന്നു. മണ്ടത്തിനു ചുറ്റും നിരവധി ആചാര സ്ഥാനങ്ങളുണ്ട്. ഇവിടങ്ങളിൽ വിളക്ക് തെളിയിച്ചിട്ടുണ്ടാകും. വാളും പരിചയുമേന്തിയ കോമരം ആ സ്ഥാനങ്ങളിലേക്ക് ഉറഞ്ഞുതുള്ളി വരുന്നതിനോടൊപ്പം 'ഏയ് ഹേയ് ഹേയ്' എന്ന വായ്ത്താരി മുഴക്കുകയും ചെയ്യുന്നു. വലംകയ്യിൽ വാളും ഇടംകയ്യിൽ പരിചയുമായി ഓരോ സ്ഥാനത്തും പോയി ഇതാവർത്തിക്കുന്നു.

പ്യാനയായി മാറിയ കോമരം നാലുദിക്കിനെയും വന്ദിക്കുന്നു. ഇതിന് പ്യാന താഴ്ച കൊടുക്കുക എന്നാണു പറയുക. പൂജാദി കർമ്മങ്ങൾ ചെയ്യുന്ന ചെമ്മക്കാരൻ കോമരത്തിന് മറ്റൊരു വാൾകൂടി നല്കുന്നു. അവസാനം എല്ലാവരും കോമരത്തിൽനിന്നും അനുഗ്രഹം

വാങ്ങുന്നു. എല്ലാവരുടെയും തലയിൽ പരിചവെച്ച് അനുഗ്രഹിക്കുന്നു. ഇതോടെ പ്യാനയുടെ സംരക്ഷണം ലഭിച്ചുവെന്ന് ഇവർ വിശ്വസിക്കുന്നു. ആ സമയത്ത് എല്ലാവരും നേർച്ചകൾ നല്കുന്നു. പണം, വെറ്റില, അടക്ക, വെള്ള (തുണി), പട്ട് തുടങ്ങി എന്തും നേർച്ചയായി നല്കാം. വെള്ള നല്കുമ്പോൾ കോമരം ധരിച്ചിട്ടുള്ള ചുവന്ന തുണിക്കുമീതെ വെള്ളത്തുണി ഉടുപ്പിക്കുന്നു. വഴിപാടായി കോമരത്തിന്റെ കയ്യിൽ വള അണിയിക്കുന്ന പതിവുണ്ട്. വാളിൽ തൊട്ട് വന്ദിച്ച് നേർച്ച നല്കുന്നു.

എല്ലാവരും ഒരു പണം നേർച്ച നല്കുന്നു. ഒരു പണം ഇപ്പോൾ 50 പൈസയാണ്. നേരത്തേയിത് 25 പൈസ ആയിരുന്നു. അത്യാവശ്യഘട്ടങ്ങളിൽ പ്യാനയോട് സഹായം അപേക്ഷിച്ച് ഇത്ര പണം എന്ന് നേരുന്നു. ഒരു പണം 50 പൈസ എന്ന കണക്കിൽ നേർച്ചനിറവേറ്റുന്നു. നേർച്ചയായി നല്കുന്ന കോഴികളുടെ കോഴിവെട്ടു കർമ്മം നടത്തും. കോമരമാണ് കോഴിവെട്ടു നടത്തുക. ഈ ചടങ്ങിനു ശേഷം തുമ്മം വെച്ച അടയ്ക്കയും വെറ്റിലയും ചെമ്മക്കാരൻ എടുത്ത് സ്ഥാനികർക്ക് കൊടുക്കുന്നു.

### അരി അളക്കൽ

പച്ചരികൊണ്ടുള്ള ഊട്ടാണ് യാറൊറയ്ക്ക് വേണ്ടി തയ്യാറാക്കേണ്ടത്. കമ്മത്ത് കുടിയനാണ് അരി അളക്കുന്നത്. പഴയകാലത്ത് കമ്മത്ത് കുടിയനാണ് യാറൊറ നടത്തിപ്പിന്റെ ചെലവ് വഹിച്ചിരുന്നത്. ഇന്ന് മൂന്നാമന്മാർ ചടങ്ങിനെത്തിയാൽ മതി. ചെലവ് കമ്മിറ്റിക്കാർ വഹിക്കും. ഇതിനുവേണ്ട അരി പാറ്റിക്കൊഴിച്ചെടുക്കുന്നത് 55 വയസ്സു കഴിഞ്ഞ സ്ത്രീകളാണ്.

### കാവിൽ പോകുന്നതിനു മുന്നോടിയായുള്ള ഒരുക്കം.

കാവിൽ സമർപ്പിക്കുന്നതിനായി നിരവധി സാധനങ്ങൾ ഒരുക്കേണ്ടതുണ്ട്. ഇതിൽ ഏറ്റവും പ്രധാനം മോണിയോടുകൂടിയ പഴുത്ത രണ്ടു വാഴക്കുലയാണ്. അതായത് ചുണ്ട്/ കൂമ്പോടുകൂടിയ പഴുത്ത വാഴക്കുല ഇത് കാവിൽ നിന്നും ചടങ്ങിനു വേണ്ടി വെട്ടിയെടുക്കുന്നതാണ്. തേങ്ങ, എണ്ണ, തിരി, തുടങ്ങിയവയും ഒരുക്കി വെയ്ക്കുന്നു. ഈ സാധനങ്ങൾ മൂലമുറത്തിലാണ് വയ്ക്കുന്നത്. കർമ്മികൾ തന്നെയാണ് കുല വെട്ടുന്നത്. മഞ്ഞളും നൂറും കലർത്തിയ വെള്ളം കൊണ്ട് ഈ വസ്തുക്കളൊക്കെ തളിച്ചു ശുദ്ധി വരുത്തുന്നു.

### കോളുതിരിക്കൽ

കുന്നത്തടുത്ത് കുലത്തിലെ താവഴിക്കാർക്കാണ് മീത്തലെക്കാവിലും മേലെക്കാവിലും കർമ്മം നടത്താനുള്ള അവകാശമുള്ളത് മീത്തലെക്കാവ് ‘മീത്തലെ മണ്ടം’ എന്നും അറിയപ്പെടുന്നു. മണ്ടത്തിൽ സ്ത്രീകൾക്ക് പ്രവേശനമുണ്ട്. എന്നാൽ മേലെക്കാവിലും മീത്തലെ മണ്ടത്തിലും സ്ത്രീകൾക്ക് പ്രവേശനമില്ല. മേലെക്കാവിൽ ചെമ്മക്കാരനും (കുന്നത്തടുത്ത് കുലത്തിന്റെ മൂപ്പ് ) മീത്തലെക്കാവി ൽ (മീത്തലെ മണ്ടം) ഇളമയും (ചെമ്മക്കാരന്റെ ഇളയ ആൾ-അടുത്ത അവകാശി) കർമ്മം ചെയ്യുന്നു. 9 വീതം തേങ്ങ, ഓരോ കുല, എണ്ണ, തിരി, അടയ്ക്ക, വെറ്റില, വാഴയില ഇവയാണ് ഓരോ കാവിലേക്കും കോളിനായി ഒരുക്കേണ്ടത്. മീത്തലെ മണ്ടത്തിൽ കോള് സമർപ്പിക്കാനുള്ള വ്യക്തിയെ മഞ്ഞളും നൂറും പൂശുന്നു. പ്രത്യേകതരത്തിലുള്ള വരകൾ ദേഹം മുഴുവനും വരയ്ക്കുന്നു. രണ്ടുകാവിലും ഒരേസമയത്ത് കോള് സമർപ്പിക്കുന്നു. മേലേക്കാവിൽ കോള് സമർപ്പിക്കുന്ന ചെമ്മക്കാരന്റെ ദേഹത്തും മഞ്ഞളും നൂറും കൊണ്ടു വരയ്ക്കുന്നു. വിളക്ക് കത്തിച്ച് കോള് സമർപ്പിക്കുന്ന . ഇലയിൽ വാഴപ്പഴം, തേങ്ങ, മാണിയുള്ള കുല ഇവ സമർപ്പിക്കുന്നു. വേറെ 9 ഇലകളിൽ ബാക്കി തേങ്ങയും പഴവും ചുറ്റിലുമായി വയ്ക്കുന്നുണ്ട്.

മീത്തലെക്കാവിന്റെ പുറം ഭാഗത്തായി പുലയരുടേതല്ലാത്ത ഒരു ദേവനും കൂടി ഇവർ കോള് വയ്ക്കുന്നുണ്ട്. കള്ളമ്പെട്ടി എന്ന ഈ ദൈവം കുറിച്യരുടേതാണ്. പുലയരുടെ കൂട്ടത്തിൽ വന്ന കള്ളമ്പെട്ടിയെ പുറത്ത് കുടിയിരുത്തി എന്നാണ് വിശ്വാസം. മണ്ടത്തിനു മുകളിലായിട്ടാണ് മീത്തലെക്കാവ്. അതിനും മുകളിലാണ് മേലേക്കാവ്. രണ്ടിടത്തും കോള് സമർപ്പിച്ചതിനുശേഷം എല്ലാവരും മണ്ടത്തിലേക്ക് ഇറങ്ങി വരുന്നു. അതിനുശേഷം വഴിപാടായി കിട്ടിയ തേങ്ങ മുഴുവൻ വെട്ടുന്നു. മണ്ടത്തിനുള്ളിൽ ഇലവെച്ച് പഴവും തേങ്ങയും വെച്ച് ഒപ്പിക്കുന്നു.

ഉണങ്ങലരി നുറുക്കിൽ മഞ്ഞൾ ചേർത്ത് മഞ്ഞ അരി ആക്കുന്നു. ഇതിനെ ഇവർ വെള്ളരി എന്നു പറയുന്നു. കോയിവാളിന്റെ ഇലകൊണ്ട് (ഒരുതരം ചെടിയുടെ ഇല) ഈ വെള്ളരി ശുദ്ധിയാക്കുന്നു. കോമരമാണ് ശുദ്ധികർമ്മം ചെയ്യുന്നത്. പിന്നീട് മണ്ടത്തിനു ചുറ്റിലും തളിച്ച് ശുദ്ധിവരുത്തുന്നു.

ഈ സമയം കിഴക്കേകുള്ളിൽ (കിഴക്കേ കുടി/ബെലിയോൾ) പായവിരിച്ച് സ്ഥാനക്കാർ ഇരിക്കുന്നു. വ്രതാനുഷ്ഠാനത്തോടെ നെയ്തെടുത്ത പായയിലാണ് സ്ഥാനികർ ഇരിക്കേണ്ടത്. വെറ്റില വെച്ചുതിരിക്കുന്ന ചടങ്ങിനുപയോഗിച്ച വെറ്റിലയും പാക്കും സ്ഥാനികർക്ക് വിതരണം ചെയ്യുകയും ചെയ്യുന്നു.

### കാവുകളുടെ സവിശേഷതകൾ

എല്ലാ മണ്ടത്തോടനുബന്ധിച്ചും രണ്ടു കാവുകൾ ഉണ്ടാകും. ഒന്ന് മീത്തലെക്കാവും മറ്റൊന്ന് മേലേക്കാവും. മേലേക്കാവിൽ പ്യാനകളെയാണ് കുടിയിരുത്തിയിട്ടുള്ളത്. മീത്തലെ മണ്ടം ദേവന്റേതാണ്. ദേവനുമായി ബന്ധപ്പെട്ട മൂർത്തികളെയാണിവിടെ പ്രസാദിപ്പിക്കുന്നത്. പുത്തരിക്കോളിനോടനുബന്ധിച്ചാണ് സാധാരണയായി ഇവിടെ രണ്ടിടത്തും നേർച്ചകൾ സമർപ്പിക്കുന്നത്. ചേമ്പിലോട്ട് കോളനിയിലെ കാവുകളിൽ മാത്രം കളരിയടപ്പി (യാറൊറ) നോടനുബന്ധിച്ചും നേർച്ച കാഴ്ചകൾ സമർപ്പിക്കാറുണ്ട്. മറ്റ് നേർച്ചകൾ ഏറ്റവും താഴെ മണ്ടത്തിൽ മാത്രമേ സമർപ്പിക്കാറുള്ളൂ. അസുഖങ്ങൾ മാറിയാൽ ആണി അടിക്കുന്ന രീതി മറ്റൊരു നേർച്ചയാണ്. മണ്ടത്തിലെ ചെമ്പകം, പാല, പ്ലാവ് മുതലായ പാലുള്ള മരങ്ങളിലാണ് ആണി അടിക്കുന്നത്.

യാറൊറയ്ക്ക് മീത്തലെ മണ്ടത്തിൽ കർമ്മം ചെയ്യുന്നവർ മാപ്പുപറച്ചിൽ നടത്തുന്നു. കുലത്തിന്റെയും ഗോത്രത്തിന്റെയും എല്ലാവരുടേയും സൗഖ്യത്തിനുവേണ്ടി, ചെയ്തുപോയ പിഴകൾക്കുവേണ്ടി ദേവനോട് മാപ്പപേക്ഷിക്കുന്നു. ഇവിടെ ഭഗവതിയുടെ പ്രതിഷ്ഠ പുറത്താണ്. ദേവനെക്കണ്ട് കൊതിച്ചു വന്ന ഭഗവതിയെ പുറത്തു പ്രതിഷ്ഠിച്ചു എന്നാണിവർ വിശ്വസിക്കുന്നത്. ഭഗവതിക്കും അന്നേദിവസം ഇവർ കോള് വയ്ക്കാറുണ്ട്.

### മേളം കൂട്ടലും കളപ്പെട്ട് പാടലും

യാറൊറയുടെ ചടങ്ങുകൾ രാത്രി വൈകുന്നതുവരെ ഉണ്ടാകും. ഇതിനുശേഷം നേരം പുലരുന്നതുവരെ കൾപ്പെട്ട് പാടുകയും മേളം കൂട്ടുകയും ചെയ്യും. സ്ത്രീകളുടെ കൾപ്പെട്ട് മാത്രമേ ഈ സന്ദർഭത്തിൽ പാടൂ എന്ന പ്രത്യേകതയുണ്ട് യാറൊറയ്ക്കു മാത്രമാണ് ഈ പ്രത്യേകത കാണുന്നത്. പാടുന്നതിന് പ്രത്യേക ക്രമമുണ്ട്. ആദ്യം നടപ്പിന്റെ ഭാര്യയുടെ കൾപ്പെട്ട് പാടുന്നു. പിന്നീട് നാടന്റെ ഭാര്യയുടേത്. അതിനുശേഷം കുടിയന്റെ ഭാര്യയുടെ പാട്ടാണ് പാടുന്നത്. പിന്നീടാണ് മെരുത്തന്റെ ഭാര്യയുടെ പാട്ട്. ചേമ്പിലോട് മണ്ടത്തിന്റെ മുറ്റത്ത് സ്ഥാനമുള്ള കുലമായ കുന്നത്തടുത്ത് കുലത്തിലെ മൂപ്പ്, ഇളമ ഇവരുടെ ഭാര്യമാരുടെ പാട്ടുകൾ പാടുന്നു. നേരം വെളുക്കുന്നതുവരെ ഇവരുടെ പാട്ടുകൾ പാടിക്കൊണ്ടിരിക്കും.

കളരിയടക്കൽ

മേടം 30-ാംനു നടത്തുന്ന ഇടവ സംക്രമപൂജയായ യാറൊറയുടെ അവസാന ചടങ്ങാണ് കളരിയടക്കൽ എന്ന ചടങ്ങ്. ഇതോടുകൂടി വയനാടൻ പുലയരുടെ ഒരു വർഷത്തെ പരിപാടികളൊക്കെ അവസാനിക്കുകയായി. കമ്പളത്തിന്റെ മുന്നോടിയായാണ് ഈ ചടങ്ങ് നടത്തുന്നത്. തങ്ങളുടെ ഒരു വർഷത്തെ അദ്ധ്വാനം സമർപ്പിച്ച് പ്യാനകളെ പ്രസാദിപ്പിച്ച് അനുഗ്രഹം തേടി പ്രവർത്തനങ്ങൾ അവസാനിപ്പിക്കുന്നു. പിന്നീട് മഴക്കാലത്ത് കമ്പള നാട്ടി നടത്തുന്നു.

കളരിയടച്ചാൽ കളരി തുറക്കുന്ന ചടങ്ങും ഇവർക്കുണ്ട്. സാധാരണയായി കന്നി 5-ാംനു ആണ് കളരി തുറക്കൽ നടത്തുന്നത്.

5. അധിനിവേശത്തെ അടയാളപ്പെടുത്തുന്ന പരിണാമങ്ങൾ

യാറൊറ എന്ന അനുഷ്ഠാനപരമായ ചടങ്ങ് യാതൊരു വ്യത്യാസവും വരുത്താതെ ഇന്നും വയനാടൻ പുലയർ നടത്തിപ്പോരുന്നു. ഇന്നും ചേമ്പിലോട് കോളനിയിൽ മാത്രമാണ് ഈ കർമ്മം നടത്തുന്നത്. അനുഷ്ഠാനപരമായ കർമ്മങ്ങൾക്ക് യാതൊരു വ്യത്യാസവും വരുത്താത്തപ്പോഴും ചെറിയ രീതിയിലുള്ള പരിണാമം നടത്തിപ്പിൽ വന്നുചേർന്നിട്ടുള്ളതായി കാണാം. ആദ്യകാലത്ത് വയനാടൻ പുലയർ മാത്രമാണ് ഈ ചടങ്ങിൽ സംബന്ധിച്ചിരുന്നത്. ഇന്ന് ഇവരുടെ ഗോത്രാചാരങ്ങൾ കാണാൻ താല്പര്യമുള്ളവർക്ക് പ്രവേശനം നല്കുന്നുണ്ട്.

ആദ്യകാലത്ത് മൂന്റാളന്മാരിൽ ഒരാളായ കമ്മത്ത് കുടിയൻ നടത്തേണ്ടിയിരുന്ന ചടങ്ങാണ് യാറൊറ. എല്ലാ ചെലവുകളും അദ്ദേഹത്തിന്റേതായിരുന്നു. പ്യാലിയത്ത് (മാരാരുടെ വീട്) അടിമയായിരുന്ന കമ്മത്ത് കുടിയന് ഏറ്റവും വലിയ കറ്റ (വിളഞ്ഞ നെൽക്കതിർ മുറിച്ചു കെട്ടിയത്) യാറൊറയ്ക്കു വേണ്ടി എടുക്കാമായിരുന്നത്രേ. അഞ്ചും ആറും പേർ ചേർന്ന് എടുത്തു പൊക്കാവുന്ന തരത്തിൽ അത്രയും വലിയ കറ്റ ഈ ആവശ്യത്തിനുവേണ്ടി കമ്മത്ത് കുടിയൻ അവകാശമാക്കി വാങ്ങിയിരുന്നു. എന്നാൽ വലിയ പണച്ചെലവുള്ള ഈ ചടങ്ങ് അടിമപ്പണിയില്ലാതായതോടെ ഒരു വ്യക്തിക്കു മാത്രമായി ഏറ്റെടുത്തു നടത്തുക പ്രയാസമായതുകൊണ്ട് വയനാടൻ പുലയരുടെ കമ്മറ്റിക്കാർ ഇതിനുവേണ്ട ചെലവുകൾ കണ്ടെത്തുകയും മെരുത്തന്റെയും മൂന്റാളന്മാരുടെയും നേതൃത്വത്തിൽ അനുഷ്ഠാന ചടങ്ങുകൾ നിറവേറ്റുകയും ചെയ്യുന്നു.

വനവിഭവങ്ങൾകൊണ്ട് വിശപ്പടക്കിയിരുന്നവരും വനാശ്രയ ജീവിതം നയിച്ചിരുന്നവരുമായ മാതപ്പുലയർ പിന്നീട് കാർഷിക വൃത്തിയിലേക്ക് കടന്നു വന്നതായി നാം കാണുന്നു. കുടിയേറ്റ സംസ്കാരം അവരുടെ ജീവിതത്തിലേൽപ്പിച്ച സ്വാധീനമാണ് അതിനു കാരണം. മറ്റുള്ളവർക്കു വേണ്ടി അദ്ധ്വാനിക്കാൻ വിധിക്കപ്പെട്ടവരും അടിമത്തത്തിന്റെ വേദനകൾ പേറാൻ വിധിക്കപ്പെട്ടവരുമായി അവർ മാറിയതിന്റെ തെളിവാണ് ഈ പരിണതി. കാർഷികവൃത്തിയിൽനിന്നു ലഭിക്കുന്ന പ്രതിഫലം മാത്രമായി അവരുടെ ജീവിതത്തിന്റെ അടിസ്ഥാനം.

പ്യാലിയത്ത് അടിമയായിരുന്ന കമ്മത്ത് കുടിയന് ജന്മിനല്കുന്ന ഔദാര്യമായാണ് യാറൊറയ്ക്കുള്ള കറ്റ എടുക്കലിനെ ഇവർ കണ്ടിരുന്നതും ഇന്നു കാണുന്നതും. യഥാർഥത്തിൽ അടുത്ത ഒരുവർഷത്തേക്കുകൂടി കമ്മത്ത് കുടിയനെ അവിടെ അടിമയാക്കുന്ന തന്ത്രമാണ് നടക്കുന്നതെന്നു കാണാം. ഈ രീതി ആവർത്തിച്ചുകൊണ്ടേയിരിക്കും. അടിമത്തത്തിൽ നിന്നും മോചനമില്ലാത്ത അവസ്ഥ ഇവർ അറിയാതെ തന്നെ അനുഭവിച്ചുകൊണ്ടിരിക്കുന്നു.

ആ അനുഭവം പോലും നല്ല ഒന്നായി ഈ അടിയാളവർഗ്ഗസമൂഹം ഇന്നും കരുതുന്നത് എന്നിടത്ത് അധിനിവേശത്തിന്റെ വേരുകളുടെ ആഴമളന്നറിയാം.

വയനാടൻ പുലയരുടെ കുലത്തൊഴിലാണ് പായനെയ്ത്ത്. ഈ അനുഷ്ഠാനചടങ്ങിലും ഇവർ ഇരിക്കുന്നത് കസേരകളിലോ മറ്റ് ഇരിപ്പിടങ്ങളിലോ അല്ല. പായ തന്നെയാണ് ഇപ്പോഴും ഉപയോഗിക്കുന്നത്. പക്ഷേ നെയ്തെടുക്കുന്ന പായകൾ ഇവരുടെ ഇടയിൽ തന്നെ ഉപയോഗിക്കുന്നത് കുറവാണ്. പകരം വിലയ്ക്കുവാങ്ങുന്ന പ്ലാസ്റ്റിക്ക് പായകൾക്കാണ് കൂടുതൽ പ്രചാരം.

മുൻകാലങ്ങളിൽ കാർഷികവൃത്തിയും പ്രകൃതിയിൽനിന്ന് ലഭിക്കുന്ന വിഭവങ്ങളുമാണ് കീഴാള ജനതയുടെ ജീവിതാശ്രയമായിരുന്നത്. പുതിയ കാലഘട്ടത്തിലെ ജീവിതരീതി ഉണ്ടാക്കിയ മാറ്റങ്ങളും തൊഴിൽ മേഖലയിലെ പരിണാമങ്ങളും എങ്ങനെയാണ് കുലത്തൊഴിലുകളെ അന്യമാക്കിത്തീർക്കുന്നതെന്ന് മാതപ്പുലയരുടെ ജീവിതം തെളിവുതരുന്നുണ്ട്. തഴപ്പായ നെയ്ത്ത് കുലത്തൊഴിലായിരുന്ന വയനാടൻ പുലയർ (മാതപ്പുലയർ) പ്ലാസ്റ്റിക് പായകൾ വാങ്ങി ഉപയോഗിക്കുന്ന രീതിയിലേക്ക് മാറിപ്പോയതിന് കാരണം കുലത്തൊഴിലുകൾക്ക് ആവശ്യമായ പ്രകൃതി വിഭവങ്ങളുടെ അഭാവവും പരിഷ്കാരങ്ങളോടുള്ള അഭിനിവേശവുമാണ്.

### 6 അനുഷ്ഠാനങ്ങളിലെ പ്രതിരോധം

ആചാരാനുഷ്ഠാനങ്ങൾക്ക് വളരെയധികം പ്രാധാന്യം നല്കുന്ന ഒരു സാമൂഹ്യ ജീവിതമാണ് വയനാടൻ പുലയർക്കുള്ളത്. ഒരു ആദിവാസി ഗോത്ര വിഭാഗമെന്ന നിലയിൽ വീക്ഷിക്കുമ്പോൾ ഇവരുടേതായ തനിമയുള്ള ആചാരക്രമങ്ങളും അനുഷ്ഠാന രീതികളും ദൈവ സങ്കല്പവും ഇന്നും പിന്തുടരുന്നതായി കാണാം.

സമതലത്തിലെ പുലയർക്കിടയിൽ കാണാൻ കഴിയാത്തവയാണ് ഇവയിൽ പലതും. കുട്ട, വട്ടി, പായ തുടങ്ങിയവയുടെ നെയ്ത്താണ് ഇവരുടെ കുലത്തൊഴിലെങ്കിലും കാർഷിക ജീവിതത്തെ പരിപുഷ്ടമാക്കുന്നതിനുവേണ്ടി നടത്തുന്ന അനുഷ്ഠാനങ്ങൾക്ക് ഇവരുടെ ആചാര വിശേഷങ്ങളിൽ സവിശേഷ സ്ഥാനമുണ്ട്. കാലക്രമേണ കാർഷിക തൊഴിലുകൾ ജീവിത വൃത്തിയായി സ്വീകരിച്ച ഒരു സമൂഹമാണ് വയനാടൻ പുലയരുടേതെന്ന സൂചനയാണിതു നമുക്ക് നല്കുന്നത്.

വയനാടൻ പുലയരുടെ ആചാരാനുഷ്ഠാനങ്ങൾ മിക്കതും പഴയരീതിയിൽ നിലനിർത്തിപ്പോരാനുള്ള ശ്രമങ്ങൾ ഈ ഗിരിവർഗ്ഗ ജനത നടത്തുന്നുണ്ട്. എങ്കിലും ചെറിയ തോതിലുള്ള പരിണാമങ്ങൾ ആചാരാനുഷ്ഠാനങ്ങളിലും വന്നുചേർന്നിട്ടുണ്ടെന്നു കാണാം. അനുഷ്ഠാന ചടങ്ങുകൾ അതേ രീതിയിൽ നിലനിർത്താനാവശ്യമായ പണത്തിന്റെ അഭാവംമൂലം നാലും അഞ്ചും വർഷം കൂടുമ്പോൾ ഒരിക്കലായി ഇവ നടത്തുന്ന പതിവും ഇപ്പോൾ ഇവർക്കുണ്ട്. സാമ്പത്തിക സ്ഥിതി മോശമായതു കൊണ്ടുതന്നെ പല ചടങ്ങുകളും പേരിനു മാത്രമായി ഒതുക്കുന്ന നിലയിലേക്കും കാര്യങ്ങൾ എത്തിച്ചേർന്നിട്ടുണ്ട്. ആചാരങ്ങളും അനുഷ്ഠാനങ്ങളും കൊണ്ട് സമ്പന്നമായ ഈ ഗിരിവർഗ്ഗാനുഷ്ഠാനങ്ങൾ വയനാടൻ പുലയ ഗോത്രത്തിന്റെ വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണെങ്കിൽ സാമുദായികാചാര വിശേഷങ്ങളാകട്ടെ സാമുദായികമായ ഐക്യത്തെ ഊട്ടിയുറപ്പിക്കുന്നവയുമാണ്.

ആദ്യകാലത്ത് എല്ലാ മാതപ്പുലയരുടെയും സാന്നിദ്ധ്യം ഇത്തരം അനുഷ്ഠാനങ്ങൾക്ക് ഉണ്ടായിരുന്നുവെങ്കിൽ ഇന്ന് സാമ്പത്തികശേഷി അനുവദിക്കുന്നവരും സമുദായനേതാക്കന്മാരും അതതു മണ്ടത്തിലുള്ളവരുമായി ചുരുങ്ങുന്ന രീതിയാണുള്ളത്. ആദ്യകാലങ്ങളിൽ

ചില പ്രത്യേക അനുഷ്ഠാനങ്ങൾക്ക് നേതൃത്വംനല്കുന്ന മുന്ഗാളൻ സ്വന്തം നിലയിൽ അതിനുവേണ്ട ചെലവുകൾ കണ്ടെത്തേണ്ടിയിരുന്നു. എന്നാൽ ഇത്തരം ബാദ്ധ്യതകൾ ഒരാൾക്കൊറ്റയ്ക്ക് വഹിക്കാൻ സാധിക്കാത്തതുകൊണ്ട് കമ്മറ്റികൾ രൂപീകരിച്ച് പണം ശേഖരിച്ച് നടത്തുന്ന രീതിയിലേക്ക് മാറിക്കൊണ്ടിരിക്കുന്നുണ്ട്.

എല്ലാ ആചാരാനുഷ്ഠാനങ്ങളുടെയും നടത്തിപ്പിന് ആദ്യകാലങ്ങളിൽ മെരുത്തന്റെസാന്നിദ്ധ്യം ഉണ്ടായിരുന്നു. എന്നാൽ ഇന്ന് എല്ലായിടത്തും എത്തിച്ചേരാനുള്ള പ്രയാസം മൂലം ഒഴിച്ചുകൂടാനാവാത്ത അനുഷ്ഠാനങ്ങളിൽ മാത്രം മെരുത്തൻ പങ്കെടുക്കുന്നു. ചില പ്രത്യേക മണ്ടങ്ങളിൽ വളരെ ആഘോഷപൂർവ്വം കൊണ്ടാടുന്ന ചടങ്ങുകളിൽ മെരുത്തന്റെ സാന്നിദ്ധ്യം നിർബന്ധമാണ്. പക്ഷേ, എത്തിച്ചേരാനാവശ്യമായ എല്ലാ ചെലവുകൾക്കും വേണ്ട തുക അദ്ദേഹം പണിചെയ്ത് സ്വയം കണ്ടെത്തേണ്ട നിലയാണുള്ളത്.

### 7 ഉപസംഹാരം

യാറൊറ എന്ന ചടങ്ങ് പൂർണ്ണമായും വയനാടൻ പുലയരുടെ വംശീയതയുടെ പ്രതിനിധാനമായ അനുഷ്ഠാനം തന്നെയാണ്. വയനാടൻ പുലയരെ മൊത്തത്തിൽ ഒന്നിച്ചുചേർക്കുന്ന ചടങ്ങുകൂടിയാണിത്. എല്ലാവരുടേയും നന്മകാംക്ഷിക്കുന്ന നിഷ്കളങ്കരായ ഒരു ജനതയെക്കൂടിയാണ് ഈ അനുഷ്ഠാനത്തിൽ കാണാൻ കഴിയുന്നത്. ഒരുവർഷത്തെ അധ്വാനം ഈശ്വരനിൽ അർപ്പിച്ച് നന്ദി പറയുന്നതോടൊപ്പം എല്ലാവരുടേയും തെറ്റുകുറ്റങ്ങൾക്കായി മാപ്പിരക്കുകയും ചെയ്യുന്നതിലൂടെ ഈശ്വരനേയും പൂർവ്വികരേയും പ്രീതിപ്പെടുത്തുന്ന ഈ ഗോത്രജനതയുടെ സ്വത്വം വെളിപ്പെടുത്തുന്ന അനുഷ്ഠാനം കൂടിയാണിത്.

ആധുനികതയുടെ അനേകം അടയാളങ്ങളിൽ ഒന്നായ കുടിയേറ്റം ഗോത്രസമൂഹങ്ങളുടെമേൽ കടന്നുകയറി അധീശത്വം ഉറപ്പിച്ചത് വയനാട്ടിലെ ഗോത്രവിഭാഗങ്ങളെ വീക്ഷിക്കുമ്പോൾ തിരിച്ചറിയാൻ കഴിയും. ഭാഷ, ആചാരങ്ങൾ, ജീവിതരീതികൾ തുടങ്ങി സംസ്കാരത്തിന്റെ നാനാ മേഖലകളിലും ഈ അധിനിവേശത്തിന് വശംവദരായവരാണ് നമ്മുടെ ആദിവാസികൾ. എങ്കിലും ഗോത്രാനുഷ്ഠാനങ്ങളിലെ തനിമ ഏറെക്കുറെ കാത്തുസൂക്ഷിക്കാനവർക്കു കഴിയുന്നുണ്ടെന്ന് വയനാടൻ പുലയരുടെ യാറൊറ തെളിയിക്കുന്നുണ്ട്.

## ആധാരഗ്രന്ഥങ്ങൾ

1. ഡോ. മാത്യു ഏർത്തയിൽ, എസ്.ജെ. ആഗോളവൽക്കരണവും ആദിവാസികളും. കോഴിക്കോട് : ഒലിവ്, 2009
2. ഗോപാലകൃഷ്ണൻ, പി.കെ. കേരളത്തിന്റെ സാംസ്കാരിക ചരിത്രം. തിരുവനന്തപുരം:കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, 2000
3. ജോണി, ഒ.കെ. വയനാടിന്റെ സാംസ്കാരിക ഭൂമിക. സുൽത്താൻബത്തേരി: മോഡേൺബുക്സ്,1988
4. ജോണി, ഒ.കെ. വയനാട് രേഖകൾ. കോഴിക്കോട് : മാതൃഭൂമി ബുക്സ്, 2007
5. ദാമോദരൻ, പി. നെട്ടൂർ. ആദിവാസികളുടെ കേരളം. കോട്ടയം : എൻ.ബി.എസ്, 1974
6. നമ്പ്യാർ, എ.കെ. കേരളത്തിലെ നാടൻ കലകൾ. തിരുവനന്തപുരം : കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1989
7. നമ്പ്യാർ, എ.കെ. വംശീയ സംഗീതം. കണ്ണൂർ, കേരള ഫോക്‌ലോർ അക്കാദമി. 2011
8. സുകുമാരൻ നായർ, അമ്പാട്. ആദിവാസികളുടെ നാട്ടിൽ. കോട്ടയം : എൻ.ബി.എസ്, 1982
9. സോമശേഖരൻ നായർ, പി. പണിയർ. കോട്ടയം : എൻ.ബി.എസ്, 1976
10. സോമശേഖരൻ നായർ, പി. പണിയഭാഷ. കോട്ടയം : എൻ.ബി.എസ്, 1977
11. പുന്നൂസ്, എം.ഐ. വംശീയത വിചാരവും വീക്ഷണവും. ആലുവ. യു.സി. കോളേജ്. 2013
12. മലയാള പഠനസംഘം (സമ്പാ.), സംസ്കാര പഠനം : ചരിത്രം സിദ്ധാന്തം പ്രയോഗം. കാലടി: 2007
13. മിനി, പി.വി. ഗോത്രസമൂഹങ്ങളുടെ ദൃശ്യസംസ്കാരം . തൃശ്ശൂർ. കേരള ലളിതകലാ അക്കാദമി. 2011
14. ലോഗൻ, വില്യം, മലബാർ മാന്വൽ. കോഴിക്കോട് : മാതൃഭൂമി ബുക്സ്, 2004

15. വേലപ്പൻ കെ. ആദിവാസികളും ആദിവാസി ഭാഷകളും. തിരുവനന്തപുരം : കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1994
16. Archer, W.G. The Hill of Flutes : Life, Love and Poetry in Tribal India. (A portrait of the Santhals) George Allen &Unwin Ltd. 1974
17. Elvin, Verier. The Tribal world. New delhi: Oxford University Press, 1964
18. Luiz, A.A.D. Tribes of Kerala New Delhi : Bharatiya Adimajati Sevak Samagh, 1962
19. Madhavamenon, T.(ed). A Hand Book of Kerala, Trivandrm : International School of Dravidian Linguistics, 2002.
20. Mathur, Ramaswamy, P.V. Tribal Situations in Kerala Trivandrum : Kerala Historical Society, 1977
21. Mitre, A. Census of India 1961; Vol. 1 Part V A (ii). Special tables for scheduled Tribes, 1961
22. Morgan, Levis. Systems of consany university and affinity of the Human famity, 1871
23. Thurston, Edgar. Castes and tribes of southern India Vol. 1-7. Delhi: Cosmo publications, 1975
24. Kirtads Biannual Vol. 1, Kirtadas Publications, April, 1994.

## ആവേദക സൂചി

| | | | | |
|---|---|---|---|---|
| 1. | ബാലകൃഷ്ണൻ | 38 | മക്കോട്ടുകുന്ന കോളനി | പടിഞ്ഞാറത്തറ |
| 2. | പ്രദീപൻ | 34 | മക്കോട്ടുകുന്ന കോളനി | പടിഞ്ഞാറത്തറ |
| 3. | പ്രസാദ് | 22 | മക്കോട്ടുകുന്ന കോളനി | പടിഞ്ഞാറത്തറ |
| 4. | ലച്ച്മി | 37 | മക്കോട്ടുകുന്ന കോളനി | പടിഞ്ഞാറത്തറ |
| 5. | ലച്ച്മണൻ | 48 | കല്ലുവെട്ടും താഴെ | പടിഞ്ഞാറത്തറ |
| 6. | കാരിച്ചി | 50 | കല്ലുവെട്ടും താഴെ | പടിഞ്ഞാറത്തറ |
| 7. | അച്യുതൻ | 48 | കല്ലുവെട്ടും താഴെ | പടിഞ്ഞാറത്തറ |
| 8. | സന്തോഷ് | 32 | ചേമ്പിലോട് | എടവക |
| 9. | രാഘവൻ | 60 | ചേമ്പിലോട് | എടവക |
| 10. | ശങ്കരൻ | 65 | മക്കോട്ടുകുന്ന കോളനി | പടിഞ്ഞാറത്തറ |